To

1. H.H. the Catholicos and Members of the Holy Synod.
2. H.G. Thomas Mar Athanasius Metropolitan, Chairman, Screening Committee

# എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പിനുള്ള സ്ക്രീനിംഗ് കമ്മറ്റിയെ സംബന്ധിച്ചുള്ള ചില നിരീക്ഷണങ്ങളും ഭാവി നിർദ്ദേശങ്ങളും

(ഫാ. കെ. എം. ജോർജ്ജ്)

1. **പ്രസക്തി:** നമ്മുടെ സഭയിൽ സുശിക്ഷിതമായ ഒരു എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പ് നടത്താനുള്ള നടപടികളുടെ ഭാഗമായി ഒരു Screening Committee യെ നിയമിച്ചത്, സഭ എടുത്ത ഏറ്റം ഉചിതമായ ഒരു തീരുമാനമായിരുന്നു. ആ കമ്മറ്റിയും അനുബന്ധ നടപടികളും നിലവിൽ വന്നതുകൊണ്ട് സഭയ്ക്ക് അപഹാസ്യമായ പ്രചരണങ്ങൾ ഒന്നുംതന്നെ ഇപ്രാവശ്യം "സ്ഥാനാർത്ഥികളു"ടെ ഭാഗത്ത് നിന്ന് ഉണ്ടായില്ല. സ്ഥാനാർത്ഥികളെപ്പറ്റി പഠിച്ചു വിലയിരുത്താൻ ഇതിൽപ്പരം നല്ല സംവിധാനമില്ല. അതുകൊണ്ട് ഭാവിയിലും സുശക്തമായ ഒരു Screening കമ്മറ്റി, ഉണ്ടായിരിക്കണം. ആ കമ്മറ്റിയുടെ ഉത്തരവാദിത്തവും അന്തസ്സും ഇപ്രാവശ്യത്തേതുപോലെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ uphold ചെയ്യപ്പെടണം.

2. **പ്രായം:** സ്ഥാനാർത്ഥികളുടെ വയസ്സ് 40-57 വയ്ക്കുന്നത് നല്ലതാണ്. പക്വതയുണ്ടാവാൻ താഴ്ന്ന പ്രായം 45 എങ്കിലും ആക്കണമെന്നു പറയുന്നതിനോട് യോജിപ്പില്ല. പക്വതയുള്ള ഒരു വ്യക്തിയെ 25-30 വയസ്സിനിടയ്ക്ക് തന്നെ തിരിച്ചറിയാം. അതില്ലാത്തവർക്ക് 70 ആയാലും പക്വതയുണ്ടാവില്ല. Screening കമ്മറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ, സഭയുടെ പൊതുതാൽപ്പര്യത്തെ കരുതി ന്യായമായ കാരണങ്ങൾ കൊണ്ട് ഈ പ്രായപരിധി ഒന്നോ രണ്ടോ വർഷങ്ങൾ വേണ്ടിവന്നാൽ ഭേദപ്പെടുത്താനുള്ള അധികാരം മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഉണ്ടായിരിക്കണം. നല്ല പൊതുസ്വീകാര്യമുള്ള ഉത്തമരായ വ്യക്തികളാണെങ്കിൽ അവർ യൗവ്വനത്തിൽത്തന്നെ മെത്രാന്മാരാകുന്നത് സഭയ്ക്ക് നല്ലതാണ്.

3. **കാലയളവ്:** Screening Committee യുടെ പ്രവർത്തനം കഴിയുമെങ്കിൽ നിർദ്ദിഷ്ട അസ്സോസിയേഷന് ഒരു വർഷം മുമ്പേ തുടങ്ങണം. ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലും ആവശ്യമാണ്. ഓരോ Candidate നെയും സൂക്ഷ്മമായി പഠിച്ചു വിലയിരുത്താൻ വേണ്ടിയാണിത്.

4. **അധികാരം:** പ. സുന്നഹദോസും മാനേജിംഗ് കമ്മറ്റിയും കൂടി തെരഞ്ഞെടുക്കുകയും മലങ്കര മെത്രാപ്പോലീത്താ നിയമിക്കുകയും ചെയ്യുന്ന Screening Committee യുടെ പ്രവർത്തനഫലം മലങ്കര മെത്രാപ്പോലീത്താ അംഗീകരിച്ചുകഴിഞ്ഞാൽ, അതിനെ മാനേജിംഗ് കമ്മറ്റി ഒരു കാരണവശാലും ചോദ്യം ചെയ്യരുത്. മാനേജിംഗ് കമ്മറ്റിയംഗങ്ങൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെടുകയും അവ നൽകുകയും ചെയ്യാവുന്നതാണ്.

5. **നിർദ്ദിഷ്ട ലിസ്റ്റ്:** ആവശ്യമുള്ള എപ്പിസ്ക്കോപ്പാസ്ഥാനികളുടെ എണ്ണം മുൻകൂട്ടി കമ്മറ്റിയെ അറിയിക്കേണ്ടതാണെങ്കിലും, എല്ലാ മാനദണ്ഡങ്ങളുമനുസരിച്ച് യോഗ്യരായവരെന്ന് കമ്മറ്റി കണ്ടെത്തി മലങ്കരമെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുന്ന ലിസ്റ്റ് മാനേജിംഗ് കമ്മറ്റി ചോദ്യം ചെയ്യാതെ സ്വീകരിക്കണം.

6. **ശിക്ഷണ നടപടി:** സഭയുടെ പരമാദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവായോ അദ്ദേഹത്തിന്റെ അറിവോടെ Screening Committee യോ ഇക്കാര്യത്തിൽ ചട്ടങ്ങളനുസരിച്ച് എടുക്കുന്ന ഏതെങ്കിലും നടപടിയെ പ്രസിദ്ധീകരണങ്ങളിലൂടെയോ പരസ്യപ്രസംഗങ്ങളിലൂടെയോ വിമർശിക്കുന്ന വൈദികർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരുടെമേൽ മാതൃകാപരമായും പരസ്യമായും ശിക്ഷണ നടപടി എടുക്കണം.

7. **അസ്സോസിയേഷൻ സെക്രട്ടറി:** മലങ്കര മെത്രാപ്പോലീത്താ Screening Committee യിൽ അംഗമല്ലാത്തതുപോലെ, മലങ്കര മെത്രാപ്പോലീത്തായുടെ സെക്രട്ടറി ആയിരിക്കുന്ന അസ്സോസിയേഷൻ സെക്രട്ടറിയും കമ്മറ്റിയിൽ അംഗമാവാതിരിക്കുന്നത് പല കാരണങ്ങൾ കൊണ്ടും ഉത്തമമാണ്.

8. **അർഹരായവരുടെ ദാരിദ്ര്യം:** നാം വയ്ക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച്, അർഹരായ വ്യക്തികൾ തുലോം ചുരുക്കമാണെന്നത് സഭയുടെ ദുരന്തമാണ്. ഇക്കാര്യത്തിൽ പ. സുന്നഹദോസ് അടിയന്തിരശ്രദ്ധ പതിപ്പിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നത് നല്ലതാണ്.